ഇലക്ട്രിസിറ്റി കൺസ്യൂമർ കാർഡ്

17 (*497) ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. കെ. പി. എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി. ഉപഭോക്താകൾക്ക് കൺസ്യൂമർ കാർഡ് നൽകുന്ന പദ്ധതി ഏതെല്ലാം സ്ഥലങ്ങളിലാണ് ആരംഭിച്ചിട്ടുള്ളത് ;

(ബി) ഇത് എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത് ;

(സി) കൺസ്യൂമർ കാർഡ് ലഭിക്കുന്നതിന് ഉപഭോക്താക്കൾ പാലിക്കേണ്ട നിർദ്ദേശങ്ങൾ എന്തെല്ലാം ;

(ഡി) നിശ്ചിത ദിവസത്തിനകം കാർഡ് ലഭിക്കാതെ വന്നാൽ അത് ലഭ്യമാക്കാൻ എന്തെങ്കിലും നടപടി നിർദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്താണെന്ന് വ്യക്തമാക്കാമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) സംസ്ഥാനത്തെ എല്ലാ വൈദ്യുതി ഉപഭോക്താകൾക്കും കൺസ്യൂമർ കാർഡ് ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. ആദ്യഘട്ടമായി ഇത് ഗാർഹിക ഉപഭോക്താകൾക്കാണ് ഏർപ്പെടുത്തുന്നത്.

(ബി ഇത് ഘട്ടഘട്ടമായി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) സെക്ഷനാഫീസുകൾ വഴി സൗജന്യമായി വിതരണം ചെയ്യുന്ന അപേക്ഷാഫാറത്തിൽ 2,4,5,9,10,14,16,17 എന്നീ കോളങ്ങൾ ഒഴികെയുള്ള വിവരങ്ങൾ പൂരിപ്പിച്ച് അപേക്ഷാഫോറം തിരികെ സെക്ഷനാഫീസിൽ ഏല്പിക്കേണ്ടതാണ്.

(ഡി) കാർഡ് ഉപഭോക്താകൾക്ക് ലഭ്യമാക്കുന്നതിനുള്ള അവസാന തീയതി തീരുമാനിച്ചിട്ടില്ല. എല്ലാ നടപടികളും പൂർത്തിയാക്കിയതിനുശേഷം മാത്രമേ കാർഡ് ലഭ്യമാക്കുവാൻ കഴിയുകയുള്ളൂ.

നാശോൻമുഖമായിക്കൊണ്ടിരിക്കുന്ന നദികൾ

18 (*498) ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. സി. വേണുഗോപാൽ :
ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നാശോൻമുഖമായിക്കൊണ്ടിരിക്കുന്ന എത്ര നദികളുണ്ടെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ അവ ഏതെല്ലാമാണ് ;

(സി) അവയുടെ സംരക്ഷണത്തിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിക്കാനുദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദമാക്കാമോ ;

(ഡി) പമ്പയുടെ കൈവഴിയായ വരട്ടാർപുഴ ഒഴുക്കുനിർത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) വരട്ടാറിലെ ജല ഒഴുക്ക് നിന്നതിന് കാരണം വ്യക്തമാക്കാമോ ;

(എഫ്) . ജലം . വറ്റിയ ഈ പുഴയുടെ തടം കയ്യേറ്റത്തിന് വിധേയമായിട്ടുണ്ടോ ;

(ജി) വരട്ടാറിനെ പുനരുജ്ജീവിപ്പിക്കാൻ എന്തെങ്കിലും പദ്ധതി തയ്യാറായിട്ടുണ്ടോ ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ.വി. പി. രാമകൃഷ്ണപിള്ള) :

(എ&ബി) സംസ്ഥാനത്ത് ആകെ നാല്പത്തിനാല് നദികളാണുള്ളത്. ഈ നദികൾ മലിനീകരണവും അമിതമായ മണൽവാരൽമൂലവും നാശത്തിന്റെ ഭീഷണിയിലാണ്.

(സി) ഗവൺമെന്റ് കേരളത്തിലെ ഒൻപത് പ്രമുഖനദികളെ സംരക്ഷിത നദികളായി പ്രഖ്യാപിച്ചിട്ടുണ്ട്. ഇവയിൽനിന്ന് മണൽവാരുന്നതിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ നദികളുടെ തീരസംരക്ഷണത്തിനായി 3348.75 ലക്ഷം രൂപ ചെലവ് വരുന്ന 21 സ്കീമുകൾ കേന്ദ്രഗവൺമെന്റിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. കേരളത്തിലെ നദികളുടെ സംരക്ഷണത്തിനായി ലോകബാങ്ക് വായ്പ എടുക്കുന്ന കാര്യം ചർച്ച ചെയ്തു വരുന്നു.

(ഡി&ഇ) ഉണ്ട്. പമ്പാനദിയുടേയും മണിമലയാറിന്റേയും ജലനിരപ്പ് താഴ്ന്നതുമൂലമാണ് വരട്ടാറിലെ ജല ഒഴുക്ക് നിന്നത്.

(എഫ്) ഉണ്ട്.

(ജി) പദ്ധതി തയ്യാറാക്കി കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ഇതുവരെ ധനസഹായം ലഭിച്ചിട്ടില്ല.

ആദിവാസി മേഖലയിലെ ആരോഗ്യ രംഗത്തെ പിന്നോക്കാവസ്ഥയ്ക്ക് പരിഹാരം

19 (*499) ഡോ. എം. എ. കുട്ടപ്പൻ :

ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസി മേഖലയിൽ ആരോഗ്യരംഗത്ത് പിന്നോക്കാവസ്ഥ നിലവിലുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly